




**കഥ**

# ജന്മദൗത്യം

**ഇ. കരുണാകരൻ**

**ചു**വന്ന മുഖമുള്ള എപ്പോഴും ഉറക്കെ സംസാരിക്കുന്ന, താൻ നീതിന്യായക്കാരനാണെന്നെപ്പോഴും മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താൻ വെമ്പുന്ന പരദേശി ബ്രാഹ്മണൻ. മാങ്ങാകാളൻ കൂട്ടി വയറുനിറയെ മൂക്കിനു മുട്ടുന്നത്ര ഉണ്ടശേഷം, തന്റെ പഴയതെങ്കിലും വൃത്തിയുള്ള വീടിന്റെ മുൻവശത്തു ഉലാത്തുകയായിരുന്നു. അപ്പോൾ വാതിൽ മുട്ടുന്നത് കേട്ടുകൊണ്ട് വന്നിരിക്കുന്ന ആളുടെ മനോഭാവത്തെ അദ്ദേഹം തീരെ ഗണിക്കാതെ ഉറക്കെ വിളിച്ചു ചോദിച്ചു. “ആരാത്” മറുപടി കിട്ടിയില്ല. വീണ്ടും അല്പം കഴിഞ്ഞ് വീണ്ടും മുട്ടുന്നതു കേട്ടപ്പോൾ “ഹെയ് ദെന്താത്” എന്ന് തന്നോടുതന്നെ പറഞ്ഞു. പതുക്കെ നടന്നു ചെന്നു മുൻവാതിൽ തുറന്നു. ഉച്ചത്തിൽ സംസാരിക്കുന്ന സ്വഭാവമുള്ള പരദേശി ബ്രാഹ്മണൻ, വാക്കിനുവേണ്ടി സെക്കന്റുകളോളം ഉഴറി പകച്ചു നിന്നു. ഒടുവിൽ പതുക്കെ നന്നെ പതുക്കെ പറഞ്ഞു “വരൂ.”

സിംഹം തന്റെ ചുവന്ന കണ്ണുകൾകൊണ്ട് ബ്രാഹ്മണനെ ഒന്നുനോക്കി. അകത്തേക്കു കടന്നു. ധൃതിയില്ലാതെ നടന്ന് സ്വീകരണമുറിയുടെ വാതിൽക്കൽ നിന്ന് പിന്നെ പതുക്കെ അകത്ത് കടന്ന് സിംഹാവലോകനം നടത്തി. ഇരിയ്ക്കൂ – ബ്രാഹ്മണന്റെ മൃദുസ്വരം കേട്ടുണർന്നു. ഒരു മൃഗരാജനെപ്പോലെതന്നെ തറയിൽ തലയുർത്തിയിരുന്നു.

“ഭയത്തിൽനിന്ന് മുക്തനാണല്ലോ ഇപ്പോൾ, ഓർക്കുന്നുവോ പഴയകാലം.”

ബ്രാഹ്മണൻ ഓർത്തുപോയി. ഓർത്തപ്പോൾ പരിഭ്രമമായി. പരിഭ്രമിച്ചപ്പോൾ കൂടുതൽ കൂടുതൽ തന്നെക്കുറിച്ചോർത്തു.

ഒരുദിവസം ഒരു ബ്രാഹ്മണൻ കാട്ടിലൂടെ നടന്നുപോവുകയായിരുന്നു. സന്ധ്യയ്ക്കുമുമ്പേ പട്ടണത്തിലെത്തണം. ഇല്ലെങ്കിൽ ഈ വൻ കാട്ടിൽ പെട്ടാൽ വന്യമൃഗങ്ങൾ കടിച്ചുകീറി തിന്നതുതന്നെ. അതുകൊണ്ട് വഴിമാത്രം കണ്ടുകൊണ്ട്, തന്നെമാത്രം കണ്ടുകൊണ്ട് ബ്രാഹ്മണൻ വേഗത്തിൽ നടക്കുകയായിരുന്നു. നഗരത്തിലെത്തിയാൽ തന്റെ സതീർത്ഥ്യനായ വിചിത്രവിജയനെ കാണുന്നതിനെ കുറിച്ചൊരു നിമിഷം ബ്രാഹ്മണൻ ഓർത്തുപോയി. തന്റെ സഹപാഠിയും ആത്മസുഹൃത്തുമായിരുന്നു എന്നതൊക്കെ ശരി. ഇന്നയാൾ തന്നെ അറിയുമോ. ഭരിക്കുന്ന പാർട്ടിയുടെ ജനറൽ സെക്രട്ടറിയാണ് വിചിത്ര വിജയൻ. ഇന്നയാൾ തന്നെയെന്തിനറിയണം എന്തിന്നറിയാതിരിക്കണം. അദ്ദേഹം ഒരു പരദേശി ബ്രാഹ്മണൻ തന്നെയല്ലേ. അദ്ദേഹത്തിനുമില്ലേ പൊണ്ടാട്ടി കുളന്തൈകളുമൊക്കെ. ഒരു പരദേശി ബ്രാഹ്മണനായ താൻ ചെന്നു പറഞ്ഞാൽ അദ്ദേഹമതു റഫ്യൂസ് ചെയ്യുമോ? എന്തെങ്കിലുമാകട്ടെ.

വിചിത്രവിജയന്റെ രൂപം മനസ്സിലോർക്കാൻ ശ്രമിച്ചുകൊണ്ട് ബ്രാഹ്മണൻ നടക്കുകയായിരുന്നു. ഈ മാത്രയിൽ പൊടുന്നനെ കാടുമുഴുവൻ മുഴങ്ങിയ ഒരു ചെറിയ മുരളിച്ച കേട്ടു. അലർച്ചയല്ല. ചെറിയ മുരൾച്ച. അതു വർദ്ധിച്ചുച്ചത്തിലാവുകയായിരുന്നു. പക്ഷികൾ കൂട്ടത്തോടെ പറന്നുപോയി. ബ്രാഹ്മണൻ നിന്ന നിൽപ്പിൽ നിന്നുപോയി.

ഒറ്റയടിപ്പാതയിലൂടെ ഒരു വഴിയാത്രക്കാരനെപ്പോലെ സിംഹം വരികയായിരുന്നു. പതുക്കെ, നന്നെ പതുക്കെ. ബ്രാഹ്മണനെ കണ്ടപ്പോൾ ഒന്നലറി. അതിന്റെ നേർത്ത സ്വരത്തിൽ. ബ്രാഹ്മണൻ വെട്ടേറ്റുമുറിഞ്ഞ വാഴത്തടി പോലെ നിന്നു. സിംഹം മുന്നോട്ടു വന്നുകൊണ്ടിരുന്നു. ബ്രാഹ്മണൻ നിന്ന നില്പിൽതന്നെ. പൊടുന്നനെ കൂടുതൽ ശ്രദ്ധചെലുത്താതെ തന്നെ ബ്രാഹ്മണനു മനസ്സിലായി. സിംഹം ഞൊണ്ടി ഞൊണ്ടിയാണ് നടക്കുന്നത്. ബ്രാഹ്മണനടുത്തേക്കു വന്നു. അലറിയില്ല ദയനീയമായി നോക്കി ചെരിഞ്ഞു കിടന്നു. ഒറ്റക്കാലുപൊക്കി എന്നിട്ട് മുഴങ്ങുന്ന ശബ്ദത്തിൽ വിനയത്തോടെ പറഞ്ഞു: “ബ്രാഹ്മണാ, പ്ലീസ്.”

ബ്രാഹ്മണൻ നോക്കിയപ്പോൾ ഒരു വലിയ കാരമുള്ള് സിംഹത്തിന്റെ കാലടിയിൽ തറഞ്ഞുനിൽക്കുന്നു. തന്റെ രണ്ടാം മുണ്ട് കൂട്ടിപ്പിടിച്ച് ബ്രാഹ്മണൻ മുള്ള് വലിച്ചെടുത്തു. സിംഹം എഴുന്നേറ്റുനിന്നു. സിംഹത്തിന്റെ കണ്ണിൽ സന്തോഷവും നന്ദിയും നിറഞ്ഞുനിന്നു.

“ബ്രാഹ്മണാ അവിടത്തെ ഏത് നിയോഗമാണ് ഈയുള്ളവൻ അനുഷ്ഠിക്കേണ്ടതെന്ന് മാത്രം പറഞ്ഞാലും.”

പരദേശി ബ്രാഹ്മണൻ നിശ്ശബ്ദനായി നിന്നു. ഒരേ ദിക്കിലേക്കുതന്നെ നോക്കി നിന്ന

പ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. സിംഹം കരുതി ബ്രാഹ്മണൻ വിഷാദിക്കുന്നു കേഴുന്നു...

"ഛെ ഒരു പുരുഷസിംഹമായ അവിടുന്ന് കരയുന്നോ? ഇതിൽപരം നാണക്കേട് മറ്റെന്താണ്. പ്രഭോ, ഈ വിഷാദം അങ്ങേക്ക് യോജിച്ചതല്ല തന്നെ."

"മൃഗരാജൻ, അങ്ങേക്ക് അത് പറയാം. മാൻ കൂട്ടങ്ങൾ പോകുന്ന വഴിയിൽ പതിയിരുന്നാൽ അങ്ങേക്ക് മൃഷ്ടാന്നമായി. എന്റെ സ്ഥിതിയോ?"

"ഹ ഹ ഹ കൊള്ളാം, അവിടുത്തെ നർമബോധത്തിനു സ്തുതി പറയട്ടെ. പ്രഭോ ഞങ്ങളും ഇര പിടിക്കുന്നത് നേരായ മാർഗത്തിലൂടെയൊന്നുമല്ല. നാളെ മാനുകളെല്ലാം സംഘടിച്ചാൽ ഞങ്ങളുടെ കാര്യം കുന്തമാവും. ഹിപ്പോക്രസി, വേലവെയ്ക്കൽ ഇവയെല്ലാം ഞങ്ങൾക്കും ഉള്ള ഗുണവിശേഷങ്ങളത്രെ. ങാ! അതൊക്കെ പോട്ടെ. വിരോധമില്ലെങ്കിൽ തുറന്നു പറയൂ. അങ്ങയുടെ വിഷാദത്തിന്റെ ഹേതു. എന്നാൽ നിരോധനം ചെയ്യാൻ കഴിയുമോ അവിടുത്തെ വിഷാദം എന്നു ഞാനൊന്നു നോക്കട്ടെ. പറയൂ താങ്കൾ താങ്കളോട് സംസാരിക്കും പോലെ എന്നോട് പറയൂ, പറയൂ, മടിക്കാതെ പറയൂ."

സിംഹം രണ്ടുചാൽ ഉലാത്തി. പാറക്കൂട്ടത്തിനടുത്തെത്തിയപ്പോൾ നിന്നു. നാടകീയമായി തിരിഞ്ഞുകൊണ്ടു പറഞ്ഞു: "വരൂ സഹോദരാ നമുക്കീ മരത്തിന്റെ തണലിൽ കിടക്കുന്ന ആനപ്പുറം പോലുള്ള പാറപ്പുറത്തിരിക്കാം. മരത്തിന്റെ നിഴലായതുകൊണ്ടിവിടെ ഇരിക്കാം. പാറ ചൂടായിട്ടില്ല. വരൂ ഇരിക്കൂ ഏതാനും യാമങ്ങൾക്കപ്പുറത്ത് നിലാവ് പ്രതീക്ഷിച്ചിരിക്കുന്ന രസികനായ അതിഥിയെപ്പോലെ വരും. കാട്ടിലെ നിലാവ് പ്രതീക്ഷിച്ചിരിക്കുന്ന രസികനായ അതിഥിയെപ്പോലെ വരും. കാട്ടിലെ നിലാവ് കണ്ടിട്ടുണ്ടോ? യുവതിയായ സിംഹിയെപ്പോലെയാണത്. സൗന്ദര്യം കണ്ണിൽ തന്നെയെന്നുകരുതി നാം കണ്ണിലേക്ക് നോക്കുന്നു. അപ്പോൾ മൂക്കും ചുണ്ടും വിളിച്ചു പറയുന്നു ഞങ്ങളിവിടെയുണ്ടേ. പകൽ മുഴുവൻ പൂത്തുനിൽക്കുന്ന വാകകൾ കാണുന്ന ഞങ്ങളിലെ കവികൾ പറയുന്നത് കാട് ഋതുമതിയായെന്നാണ്. ഐ കാൺട് ബിലീവ് ദിസ് നോൺസെൻസ്. ഞാനീ പ്രകൃതി വർണനയിലൊന്നും അത്ര വിശ്വസിക്കുന്നില്ല. എഴുത്തുകാർ സിംഹങ്ങളുടെ ദുഃഖങ്ങളും ആവേഗങ്ങളുമാണ് കഥകളാക്കേണ്ടത്. ഓ സോറി ഞാൻ വല്ലാതെ വാചാലനാവുന്നു. മുള്ളിന്റെ വേദന പോയപ്പോൾ എന്റെ നാക്കിനു നീളം വെച്ചിരിക്കുന്നു. പോട്ടെ, പോട്ടെ അങ്ങ് പറയൂ.

ബ്രാഹ്മണൻ തന്റെ ദുഃഖങ്ങളെല്ലാം ഒട്ടും ഒളിച്ചുവയ്ക്കാതെ സിംഹത്തോടു പറഞ്ഞു. സിംഹം വാലാട്ടി ചെള്ളുകളെ ഓടിച്ചുകൊണ്ട് തലയുയർത്തി ജട വിടർത്തി ശ്രദ്ധയോടെ എല്ലാം കേട്ടു.

ഒടുവിൽ സിംഹം പൊട്ടിപൊട്ടിച്ചിരിച്ചു. പക്ഷികൾ പറന്നുപോയി. കാട് നിശ്ശബ്ദമായി. ഒരു കടുവാക്കുഞ്ഞ് എന്തോ പിറുപിറുത്തപ്പോൾ അതിന്റെ തള്ള അതിനെ ശാസിച്ചു.

സിംഹം പൊട്ടിപൊട്ടിച്ചിരിക്കുന്നത് ബ്രാഹ്മണൻ നിസ്സഹായനായി നോക്കിനിന്നു. ഇടയ്ക്ക് ചിരിനിർത്തി "ഓ വലിയ ദാർശനിക വ്യഥ തന്നെ" എന്നു പറഞ്ഞ് ചിരിതുടർന്നു.

"ബ്രാഹ്മണാ, താങ്കൾ വിചിത്ര വിജയനെ കാണാൻ പോവുന്നത് വെറുതെയാണ്. താങ്കൾക്ക് ജോലി തന്നിട്ട് വിചിത്രവിജയനെന്തുനേട്ടം. ബ്രാഹ്മണാ നമുക്ക് തിരിച്ചുപോകാം. വേഗം പോയാൽ സന്ധ്യക്കുമുമ്പേ മേരിക്കുന്നിലെത്താം. അവിട്ന്ന് പിന്നെ ദയാനന്ദപുരത്തേയ്ക്കധികം ദുരമില്ല. കാട്ടിൽ നിലാവുവരും. വനജോത്സനകളുണ്ട്. സന്ധ്യക്കുവിരിഞ്ഞ പൂക്കളുണ്ട്. എന്തിനോ പൂക്കുന്ന പൂക്കളുണ്ട്. വരൂ ഈ കുറ്റിക്കാടുകൾക്കിടയിലൂടെ നമുക്ക് നടന്നുപോകാം. ഒന്നും ഭയപ്പെടേണ്ട ഞാനിവിടുത്തെ രാജാവാണ്. എന്റെ കൂടെ വരുമ്പോൾ താങ്കളെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. എന്നിട്ടൊന്നു ഉറക്കെ അലറി. പിന്നെ തുടർച്ചയായി കിതപ്പിന്റെ രീതിയിൽ അലർച്ച തന്നെ. സൂചി കാട്ടിൽ വീണാൽ കേൾക്കാം. ബ്രാഹ്മണൻ ബോധം കെട്ടുവീണു. വാൽകൊണ്ട് സിംഹം മൃദുവായി തടവിയപ്പോൾ കണ്ണുതുറന്നു.

വരൂ നമുക്ക് ദയാനന്ദപുരത്തേക്കു പോകാം. താങ്കളൊരു ബ്രാഹ്മണനാണെങ്കിലും പരദേശിയല്ല. ഞാൻ സഹായിക്കാം താങ്കളെ. ഒന്നുമാത്രം ഒന്നുമാത്രം ബ്രാഹ്മണാ ഈ സിംഹം താങ്കളിൽനിന്ന് പ്രതീക്ഷിക്കുന്നു സ്നേഹം, സ്നേഹം മാത്രം.

കാട്ടിലെ മരങ്ങൾ പുഷ്പം വർഷിച്ചു. കിളികൾ തിരിച്ചുപറന്നു പാട്ടുപാടിക്കൊണ്ട്. മാലാഖമാർ ആകാശത്തിലൂടെ പറന്നുവന്നു. കഥാപാത്രങ്ങൾ ക്രിസ്ത്യാനികളല്ലാത്തതുകൊണ്ടവർ തിരിച്ചുപോയി. ന്യൂക്ലിയോ മെറ്റോഫോബിയ. രാത്രി മുഴുവൻ അവർ പലതും പറഞ്ഞു നടന്നു. പുലരാറായപ്പോൾ മേരിക്കുന്നിൽ കയറി സിംഹാവലോകനം നടത്തി.

"അതാ, ബ്രാഹ്മണാ ദയാനന്ദാപുരം എന്ന മഹാനഗരം. അസ്വസ്ഥത തോന്നുന്നുണ്ടോ?"

“വല്ലാതെ.”

“സാരമില്ല മഹാനഗരം നമ്മെ നാമറിയാതെ അസ്വസ്ഥരാക്കുന്നു. പക്ഷേ, ബ്രാഹ്മണാ ഹിപ്പോക്രാറ്റാവരുത്. ദയാനന്ദപുരം തൃശ്ശിവപേരൂർ പോലുള്ള ഒരു ചെറിയ പട്ടണമത്രെ. പിന്നെ ഫ്രസ്ട്രേറ്റഡ് ആവണ്ട കാര്യമുണ്ടോ.”

“സോറി, സിംഹം. കാര്യമില്ലെങ്കിലും നാമൊക്കെ ഫ്രസ്ട്രേറ്റഡല്ലേ. ശാരീരികാസ്വസ്ഥതകൾ. കാലത്തിനൊത്തെ കോലം, മനസ്സിലായില്ലേ.”

“മനസ്സിലായി. ഞങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ വേഷം കെട്ട്. താടിമുടി ജടാധാരികൾ. തോളിൽ തൂങ്ങുന്ന സഞ്ചികൾ വട്ടക്കണ്ണട. യൂണിഫോമിറ്റി. യൂണിഫോം ധരിച്ചു നഴ്സറിയിൽ പോകുന്ന ബുദ്ധിജീവികൾ. സർവസംഗപരിത്യാഗികൾ, മൂത്ത് മൂത്ത് തൃശ്ശിവപേരൂർ റൗണ്ടിലേക്ക് കയറേണ്ടവർ. വാക പൂക്കുമ്പോൾ, നിലാവുപരക്കുമ്പോൾ ഞങ്ങളിലെ പോലും സൗന്ദര്യബോധം ഉണരുന്നു.

അവരങ്ങനെ സംസാരിച്ചുകൊണ്ടുനടന്നു. പരന്നു കിടക്കുന്ന പാടത്തിന്റെ നടുവിലൂടെയുള്ള നിരത്തിലൂടെ അവർ ദയാനന്ദപുരത്തേക്ക് കടന്നു.

ദയാനന്ദപുരത്ത് എത്തുന്നതിനുമുൻപ് സിംഹം പറഞ്ഞു: “ഹേ പരദേശി ബ്രാഹ്മണാ. ഞാൻ താങ്കളുടെ കൂടെ നഗരത്തിൽവന്ന് താങ്കളെ സഹായിക്കുന്നത് എങ്ങനെയെന്ന് താങ്കൾ ചിന്തിച്ചുവോ? ഇതുവരെ താങ്കളെന്നോട് ചോദിച്ചില്ലല്ലോ.”

ബ്രാഹ്മണൻ പട്ടരായി പറഞ്ഞു: “അല്ലയോ സിംഹമേ താങ്കളുടെ ഇന്റലിജൻസിൽ എനിക്ക് അഗാധമായ വിശ്വാസം കിടയ്ക്കത്.”

“ശരി എങ്കിൽ കേട്ടുകൊൾക. എന്നെ കാഴ്ചവസ്തുവാക്കി താങ്കൾ ജീവിച്ചുകൊള്ളുക.”

“യു മീൻ ഒരു മിനി കാഴ്ചബംഗ്ലാവ്”

“അതെ”

“സിംഹമേ മൃഗരാജൻ, മനുഷ്യരടക്കമുള്ള സകലമാന മൃഗങ്ങളുടേയും രാജാവേ, താങ്കളുടെ ബുദ്ധി മഹനീയം തന്നെ. പക്ഷേ, കാഴ്ചബംഗ്ലാവ് നടത്താൻ ലൈസൻസ് വേണം. കാശുകൊടുത്താൽ ഏതു തരം ലൈസൻസും ഇന്ത്യയിൽ കിട്ടും. പക്ഷേ, കാശെവിടെ? ‘അരിയില്ലാഞ്ഞിട്ട്’ എന്ന കവിത വായിച്ചിട്ടുണ്ടോ?”

ഹെന്റെ മഹാബ്രാഹ്മണാ കാശിനാണോ വിഷമം. എന്റെ കഴുത്തിലൊരു പട്ടയിട്ട് ചങ്ങലയിട്ട് പിടിക്ക് വെറുതെ പിടച്ചാൽ മതി. തൃശ്ശിവപേരൂരൊന്ന് പോയി വരാം. ബ്രാഹ്മണനും സിംഹവും പച്ചപ്പാത്രവുമായി റൗണ്ടിലെത്തി തിയേറ്ററിന്റെ അടുത്തുനിന്നു യാചന തുടങ്ങി. അപ്പോഴേയ്ക്കും ഈനാശു ലോനപ്പനും ലോനപ്പൻ കുഞ്ഞിപ്പാലുവിനും പാലോ അന്തോണിക്കും ഫോണിലാ വിളിച്ചു പറഞ്ഞു. ആകെ ബഹളം. നടവിലാൽ എത്തിയപ്പോഴേക്ക് വേണ്ടതിലേറെ പണം. പണമഴ. ലോട്ടറി അടിച്ചപോലെയായി. സിംഹം ബ്രാഹ്മണനെത്തന്നെ സൂക്ഷിച്ചുനോക്കി. നോക്കുമെന്ന് അറിഞ്ഞിരുന്ന ബ്രാഹ്മണൻ ആർത്തിപ്രകടപ്പിക്കാതെ നിസ്സംഗഭാവം കൈക്കൊണ്ടു. തേക്കിൻ കാട് മൈതാനത്തെ യമണ്ടന്മാരായ ആൺ വേശ്യകളുടെ കണ്ണുവെട്ടിച്ച് ബ്രാഹ്മണനും സിംഹവും ഒരിടത്തിരുന്ന് കാശ് എണ്ണിനോക്കി. പകുതിയിലേറെ എടുക്കാത്ത നോട്ടുകളായിരുന്നു. ആവശ്യം കഴിച്ച് ബാക്കി കാശ് ലളിതകലാ അക്കാദമിയെ ഉദ്ധരിക്കാൻ വേണ്ടി ചെലവഴിക്കണം എന്നവർ മനസാ തീരുമാനിച്ചു. സാഹിത്യ അക്കാദമി ലൈബ്രേറിയനെ ഫോണിൽ വിളിച്ച് കാശുവേണോ പുതിയ പുസ്തകങ്ങൾ വാങ്ങാൻ എന്നു ചോദിച്ചു. സംസാരിച്ചത് സിംഹമായിരുന്നു. ലൈബ്രേറിയൻ ബോധം കെട്ടു വീണു. സിംഹം കുടുകുടെ ചിരിച്ച് ഫോൺ താഴെവച്ചു.

ഇത്തരം ബഹളങ്ങൾക്കുശേഷം വീണ്ടുമവർ ദയാനന്ദപുരത്തേക്ക് തിരിച്ചു. എന്തിനും ഏതിനും ലൈസൻസ് കൊടുക്കുന്ന ആപ്പീസിൽ ചെന്ന്, കാശ് വേണ്ടത്ര നൽകി ലൈസൻസ് വാങ്ങി.

പൊണ്ടാട്ടി കാശുവാങ്ങി ആളെ കടത്തിവിടുന്ന ആൾ. പബ്ളിക് റിലേഷൻസ് ഓഫീസർ പരദേശിയും. അങ്ങനെ ദിവസങ്ങൾ നീങ്ങി. ലേഡിയുടെ വാക്കുകേട്ട് ബ്രാഹ്മണൻ സിംഹത്തിന്റെ തീറ്റി കുറച്ചുകുറച്ചു വന്നു.

സിംഹത്തിന് ക്ഷീണം വന്നു തുടങ്ങി. ചിലപ്പോഴൊക്കെ ദേഷ്യം വരാനും തുടങ്ങി. ബ്രാഹ്മണൻ പറയും “കാഴ്ചക്കാർ കുറവ്, സാധനങ്ങൾക്കൊക്കെ ഓരോ ദിവസവും വില കുതിച്ചുകയറുന്നു. ഞങ്ങൾ കഴിക്കുന്നതിന്റെ പങ്ക് താങ്കൾക്കിവിടെ തരാറുണ്ട്. പക്ഷേ, മതിയാവുന്നില്ല അല്ലേ?”

സാരമില്ല ബ്രാഹ്മണാ. ഒരു ഉപകാരം ചെയ്താൽ മതി. രാത്രി എന്റെ കൂടൊന്ന് പതുക്കെ തുറന്നുവെച്ചാൽ മതി. ഞാൻ ഇര തേടിക്കൊള്ളാം.

ബ്രാഹ്മണൻ സമ്മതിച്ചു. “പക്ഷേ, ഒരുകാര്യം. താങ്കൾ രാത്രി അലറരുതേ. ഒരു സിംഹി പെണ്ണിന്റെ ശബ്ദം പോലും ഉണ്ടാക്കല്ലേ. സിംഹള ഭാഷപോലും ഉച്ചരിക്കരുതേ.”

“എനിക്കറിഞ്ഞുകൂടെ ബ്രാഹ്മണൻ.”

അങ്ങനെ രണ്ടാഴ്ച കഴിഞ്ഞു. ദയാനന്ദപുരത്താകെ ഭീതി. ഭയം കാർമേഘത്തെപ്പോലെ ദയാനന്ദപുരത്തിനു മുകളിൽ ചുറ്റിക്കൂടി നിന്നു.

ഗോകുലം ഹൗസിലെ കുഞ്ഞുക്കൃഷ്ണമേനനെ കാണാനില്ല. ഒറ്റപ്പാലത്തേക്ക് കോടതിക്കാര്യത്തിന് പോയതാണ്. ഒറ്റപ്പാലത്തെത്തി, വക്കീൽ രുഗ്മാംഗദൻ ബി.എ.ബി.എല്ലിനെ കണ്ടു. കാര്യം പറഞ്ഞു. അടുത്ത വണ്ടിക്കു തന്നെ ഷൊർണൂർക്ക് പോയി. കുഞ്ഞിക്കൃഷ്ണേട്ടനോട് ഞാൻ ശ്ശി പറഞ്ഞു. ഉണ്ടിട്ട് പോവാന്ന്. പറയാനല്ലെ വെയ്ക്കൂ. കുതിരയെ വെള്ളം കാട്ടാം. കുടിയ്ക്കാനത് തന്നെ വിചാരിക്കേണ്ടെ എന്ന് വക്കീൽ. ഷൊർണൂർ സ്റേഷനില് മേൻനെ കണ്ടവരുണ്ട്. പിന്നെ ഒരു വിവരവുമില്ല.

പ്രേം നസീറും ജയനും അഭിനയിച്ച ഒരു വാർഫിലിം കാണാൻ പോയ, കത്തോലിക്കനും സത്യക്രിസ്ത്യാനിയുമായ കുഞ്ഞിപ്പാലുമാഷെ കാണാനില്ല. തിയേറ്ററിലെ ക്യൂവിൽ മാഷെ കണ്ടവരുണ്ട്. സന്ധ്യ കഴിഞ്ഞാൽ ഈച്ചപറക്കാത്ത പോലെ മനുഷ്യരും പുറത്തിറങ്ങാതായി.

അപ്പോൾ സർക്കാരറിഞ്ഞു. തുടർച്ചയായ പത്രപ്രസ്താവനകൾ, പറക്കലുകൾ, ഫോട്ടോപിടുത്തം. ഹേതു അന്വേഷണം, വെള്ളപ്പൊക്ക നിവാരണം, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസഫണ്ട്, പക്ഷേ പ്രതിപക്ഷ യുദ്ധം അതിന്റെ സിനിമ, സർക്കസില് ഗോളത്തിനുള്ളിൽ മോട്ടോർ സൈക്കളോട്ടം പോലെ ആകെ ബഹളം.

ജുഡീഷ്യൽ അന്വേഷണം.

കാണുന്നവരെയും കാണാത്തവരെയും വെടിവെച്ചു കൊല്ലാം, പുതിയ നിയമം വന്നു. നിയമ സമാധാനം തകർച്ചയിലാണോ ഭൂതകണ്ണാടി വെച്ച് പരിശോധന. പക്ഷ, പ്രതിപക്ഷ സംഘടിത തൊഴിലാളി വിപ്ലവ വർഗങ്ങളൊക്കെ ഓരോ ഭൂതകണ്ണാടി വാങ്ങി നോക്കാൻ തുടങ്ങി.

ഭൂതക്കണ്ണാടിയുണ്ടാക്കുന്ന കമ്പനിയുടെ മാനേജിങ്ങ് ഡയറക്ടർ ഇതെന്തു കഥാ എന്ന മട്ടിൽ വീൽ ചെയറിൽ വട്ടം തിരിഞ്ഞു.

ദയാനന്ദപുരം തിളച്ചുമറിഞ്ഞു.

ജനങ്ങൾക്കൊക്കെ മനസ്സിലായി ആൾനഷ്ട ഹേതുവെന്തെന്ന്. സർക്കാർ ജുഡീഷ്യൽ അന്വേഷണ റിപ്പോർട്ടിനുവേണ്ടി നോമ്പുനോറ്റിരുന്നു. റിപ്പോർട്ട് വന്നപ്പോഴേക്കും ആട്ടിൽ പാൽ ദയാനന്ദപുരത്ത് അപൂർവ വസ്തുവായിരുന്നു.

പതിവുപോലെ ഒരുദിവസം സിംഹം വഴിയരികിലെ ചെറിയ കുറ്റിക്കാട്ടിൽ പതുങ്ങിയിരിക്കുകയായിരുന്നു. ഒരു ജീവിയും ആ വഴി വരുന്നില്ല. വിശന്നിട്ടാണെങ്കിൽ പ്രാണൻ പോകുന്നു. തിരിച്ച് കാട്ടിലേക്ക് തന്നെ പോയാലോ?

എന്നാലും ബ്രാഹ്മണൻ ഇത്ര നെറികെട്ടവനാണെന്ന് കരുതിയില്ല. സ്വന്തം വീടും പറമ്പുമായപ്പോൾ, തന്നെ ഇപ്പോൾ കാര്യമല്ല. പഴയ ദാരിദ്ര്യ കാലമൊക്കെ മറന്നു. അല്ലെങ്കിൽ ബ്രാഹ്മണനെ കൊന്നുതിന്നാലോ അയ്യോ, ശാന്തം പാപം. തന്നെ വിശ്വസിച്ച ബ്രാഹ്മണനെ കൊന്നു തിന്നുകയോ, തന്റെ കാലിലെ മുള്ളെടുത്തുതന്ന ബ്രാഹ്മണനെ കടിച്ചു കീറുകയോ. മനസ്സേ നീ ഏതെല്ലാം വഴിയിലൂടെയാണ് സഞ്ചരിക്കുന്നത്. കൊന്നാലെന്താ ആദർശം വിചാരിച്ചിരുന്നാൽ വയറ് പട്ടിണിയാവും. ആയ്ക്കോട്ടെ ന്നാലും തന്നെ വിശ്വസിച്ചിരിക്കുന്നവനെ താനായി കൊല്ലുകയില്ല. ഈ വിധം ഓരോ ചിന്തയിൽ മുഴുകി തന്നെത്താൻ മറന്നിരിക്കുകയായിരുന്നതിനാൽ, ഒരു വാൻ പതുക്കെ ഒഴുകി വന്നതും നിന്നതും ശ്രദ്ധയിൽ പെട്ടില്ല.

പെട്ടെന്ന് ചുറ്റുഭാഗത്തുനിന്നും ടോർച്ചുലൈറ്റുകൾ, പന്തങ്ങൾ, വിസിൽ വിളികൾ. സിംഹം എഴുന്നേറ്റുനിന്ന് ചുറ്റും നോക്കി. ചുറ്റുഭാഗത്തും പൊലീസുകാരുടെ ക്രൂരമുഖങ്ങൾ. എസ്.ഐ. തോക്ക് ചൂണ്ടി മുന്നോട്ടുവന്നു.

“യു ആർ അണ്ടർ അറസ്റ്റ്. ആർക്കും എല്ലാക്കാലത്തും നിയമത്തെ കളിപ്പിക്കാനാവില്ല മിസ്റ്റർ. കമോൺ 326, ഈ കശ്മലനെ നിർദയം അറസ്റ്റു ചെയ്യൂ. സിംഹം ചുണ്ടു നനച്ചുകൊണ്ട് പറയാനാഞ്ഞു. “സാർ...”

“കിന്നാരമൊക്കെ അങ്ങ് കോടതിയിൽ പറഞ്ഞാമതി. ഞങ്ങൾക്ക് വേറെ ജോലിയുണ്ട് മിസ്റ്റർ”

സിംഹത്തിന്റെ ശബ്ദം പതറി. വിളി ഒരു ഡിഗ്രികൂടെ താണു. “ഏമാനെ...”

“ആ, കേമാൻ തന്നെ. നടക്കെടോ സ്റ്റേഷനിലേക്ക്”, സിംഹം നടന്നു. ഇത്രയും സങ്കീർ

ണതയില്ലാത്ത തന്റെ കഴിഞ്ഞ ജന്മത്തിലെ വന്യജീവിതം മനസിലോർത്തുകൊണ്ട്. തൂണു പിളർന്നു പുറത്തുചാടിയ തന്റെ പൂർവികനെ ഓർത്തുകൊണ്ട്. അന്നൊക്കെ എന്തൊരു ബഹുമാനമായിരുന്നു തന്റെ വർഗത്തിന്. ഇര തേടിയാൽ അതിന് അറസ്റ്റ്. എന്തൊര് ദുനിയാവ് പടച്ചോനേ.

യാതൊരു ധൃതിയുമില്ലാതെ, ആകാശത്തിൽ വട്ടം ചുറ്റുന്ന പരുന്തിനെപ്പോലെ കോടതി ഉണർന്നു. വക്കീൽ ഗുമസ്തന്മാർ മാത്രം. ചിറകറ്റപക്ഷിയെപ്പോലെ പിടഞ്ഞുകുത്തി മറിഞ്ഞുകൊണ്ടിരുന്നു. നമ്പരുവിളിയും, ചൊല്ലിക്കേൾക്കലും, ഹാജരുവിളിയും, ചവിട്ടുനാടകവും, ഒക്കെ കഴിഞ്ഞപ്പോഴേയ്ക്ക് സമയമങ്ങ് പോയി. സിംഹത്തിന്റെ നമ്പർ വന്നപ്പോൾ ജഡ്ജിയദ്ദേഹം ഒരഭിപ്രായം പറഞ്ഞു.

“ദോ ദി കെയ്സ് ഈസ് ക്രിമിനൽ, വൈ കാണ്ട് വി ട്രാൻസ്ഫർ ഇന്റു സിവിൽ കോർട്ട്.”

ഒഫ്കോഴ്സ് സാർ– വക്കീൽമാർകൾ”

“പക്ഷേ പത്രക്കാരറിയണ്ട. ബഞ്ചുകളിലിരുന്ന് വട്ടം തിരിയുന്ന വക്കീൽമാരിൽ ഒരു ദേഹം പറഞ്ഞു. ഒരു സീനിയർ ദേഹം അയാളെ ശാസനാ രൂപത്തിൽ നോക്കി, തന്റെ ഉണ്ടക്കണ്ണുകൾ കൊണ്ട്.

നമുക്കിവിടെ ആവശ്യത്തിലേറെ കേസുകളുണ്ട്. സോ, നത്തിംഗ് ഒഫൻസീവ് ഇൻ ഇറ്റ്. യെസ് യെസ് വാട്ട് ഐ മീൻ ഈസ്... ഒരു പഴയ ഫാൻവൃദ്ധയുടെ തലപോലെ വിറച്ചുവിറച്ചുകൊണ്ട് തിരിഞ്ഞിരുന്നു. പ്ളൈന്റിഫ്, റെസ്‌ലാൻഡന്റ്, എ ഷെഡ്യൂൾ, പ്രോപ്പർട്ടി തുടങ്ങിയ വാക്കുകൾ പിറുപിറുക്കുന്ന സ്വരത്തിൽ ഹാളിൽ പറന്നുകൊണ്ടിരിക്കെ, സീനിയർ വക്കീൽ സുബ്രഹ്മണ്യ അയ്യർ എഴുന്നേറ്റു. പിൻഡ്രോപ്പ് സൈലൻസ്. അതിനിടയിൽ വിചാരണ. ഗുമസ്തന്റെ കൈയിൽനിന്ന് മൊട്ടുസൂചി തറയിൽ വീണ ശബ്ദം ഹാളിൽ മുഴങ്ങി. സുബ്രഹ്മണ്യ അയ്യർ “വാട്ടീസ് ദിസ്” എന്ന് ഗുമസ്തനെ നോക്കി. അപ്പോൾ മററു ഗുമസ്തന്മാർക്കെല്ലാം സന്തോഷമായി, ഗുമസ്തന് ഗുമസ്തൻ ശത്രു എന്നുണ്ടല്ലോ.

സിംഹത്തിന്റെ കടലാസുകൾ “ഒരു നിശ്ചയമില്ലയൊന്നിനും” എന്ന മട്ടിൽ സിവിൽ കോർട്ടിലേക്ക് പോയി. റിക്കാർഡ് എഴുതാൻ വേണ്ട കടലാസ് വാങ്ങാൻ വേണ്ടി ഒരു കൊല്ലം കടന്നുപോയി. എതിർപാർട്ടി വക്കീലിന്റെ ജലദോഷം കൊണ്ട് രണ്ടുകൊല്ലം കടന്നുപോയി. പ്രതിപക്ഷ വക്കീലിന്ന് ഫീസ് കിട്ടാൻ താമസിച്ചതുകൊണ്ട് മൂന്നുകൊല്ലം കടന്നുപോയി. “OS46/2 ന്റെ വിധിദിനം വന്നില്ല.” ഇതിന്നിടയിൽ സിംഹത്തിന് വയസ്സായിക്കൊണ്ടിരുന്നു. സിംഹം നിത്യവും കരുണാനിധിയായ ദൈവത്തോട് പ്രാർത്ഥിച്ചു. “ദൈവമേ എന്നോട് കൂടി ഈ കേസ് അവസാനിക്കണേ. ഒന്നുമറിയാത്ത നിരപരാധികളായ എന്റെ മക്കൾക്ക് കോടതിത്തിണ്ണ നിരങ്ങേണ്ട ഗതികേട് അവിടുന്ന് വരുത്തിവെക്കരുതേ.”

ദൈവം നിസ്സഹായനായി സിംഹത്തെ വീക്ഷിച്ചുകൊണ്ടിരുന്നു. ദൈവത്തിന്റെ കണ്ണിൽ കണ്ണുനീർ. കരുണയോടെ സിംഹത്തെ നോക്കിക്കൊണ്ടിരുന്നു.

വക്കീൽ ഗുമസ്തൻ കാർഡെഴുതിക്കൊണ്ടിരുന്നു. മേൽ നമ്പർ കേസ് റെഡിലിസ്റ്റിലല്ലാത്തതുകൊണ്ട്-ാം യിലേക്ക് മാറ്റിയിരിക്കുന്നു. വരുമല്ലോ എന്ന്– വരുമല്ലോ കാമുകി കാമുകനെഴുതുന്നതുപോലെ. കാർഡുകളിൽ സ്ഥിരം ഇതേ പല്ലവി ആയപ്പോൾ സിംഹം നേരിട്ടു പറഞ്ഞു. “നോക്കൂ പല കാരണങ്ങൾ കൊണ്ട് കേസുകൾ നീട്ടപ്പെടാം. യുഗങ്ങളോളം, നൂറ്റാണ്ടുകളോളം, കൽപ്പാന്തത്തോളം. അതിലാർക്കും ഒന്നും ചെയ്യാൻ കഴിയില്ല. വിധിയുടെ മുന്നിൽ നാമെല്ലാം നിസ്സഹായരാണ്. കോടതി വിധിയുടെ മുന്നിൽ പോലും. എങ്കിലും കാർഡിൽ അങ്ങ് എന്നും ഒരേ കാരണമെഴുതുന്നു. ആവർത്തന വിരസത എന്ന ദോഷം കാരണം കാർഡ് വായിച്ചു നോക്കാൻ പോലും തോന്നാറില്ല. ആർക്കായാലും അല്പം സഹൃദയത്വമൊക്കെ വേണ്ടെ.”

ഗുമസ്തന് മാറ്റമുണ്ടായില്ല. “മേൽ നമ്പർ കേസ് റെഡിലിസ്റ്റിൽ.”

സിംഹം പോസ്റ്റ്മേനോട് പറഞ്ഞു ദയവുചെയ്തു ഇങ്ങനെയൊരു കാർഡ് വരുമ്പോൾ മേൽവിലാസക്കാരനെ കണ്ടില്ലെന്ന് പറഞ്ഞ് തിരിച്ചയച്ചാലും.” എന്നിട്ടും പോസ്റ്റോഫീസിൽ കാർഡുകൾ വന്നുകൊണ്ടിരുന്നു. മേൽ നമ്പർ കേസ്...

വർഷങ്ങൾ പറന്നു. വിധി ദിനം വന്നു. സിംഹത്തിന് അനുകൂല വിധി. വിധിദിനത്തിന്റെ പിറ്റേന്നാൾ സിംഹം ബ്രാഹ്മണനെ കണ്ടു.

“ഭയത്തിൽനിന്ന് മുക്തനാണല്ലോ ഓർക്കുന്നുവോ പഴയകാലം.”

“ഓർക്കുന്നു.”

“എടാ ചണ്ഡാല നീയെനിക്കെതിരെ കോടതിയിൽ പറഞ്ഞു. നിന്റെ എല്ലാ ഐശ്വര്യത്തിനും കാരണമായ എനിക്കെതിരെ അല്ലേ. നീ കരുതി ഞാൻ മോചിതനാവില്ല, വിധി എനി

ക്ക് അനുകൂലമാവില്ല എന്ന്. വിധിയുടെ കൈകളിലെ കളിപ്പാവയാവുമെന്നും നിന്റെ കുഞ്ഞുകുട്ടികൾക്ക് കളിക്കാനിട്ടു കൊടുക്കാമെന്നും. അല്ലേ? നീണ്ട വർഷങ്ങളിൽ എന്റെ ഉറക്കം കെടുത്തിയത് നിന്റെ ചീഞ്ഞ മുഖമാണ്. ഞാൻ വന്നിരിക്കുന്നത് പ്രതികാരത്തിനാണ്. ബ്രാഹ്മണാ നിനക്ക് ഫോണുണ്ട്, മറ്റെല്ലാ ആയുധങ്ങളുമുണ്ട്, തടുക്കാമെങ്കിൽ തടുത്തോ. നിന്റെ ഒരെല്ലുപോലും ഞാനിവിടെ ഇട്ടേക്കില്ല. തെളിവുണ്ടെങ്കിലല്ലേ നിന്റെ സന്താനങ്ങൾ എനിക്കെതിരെ തിരിയൂ. എന്നിട്ട് വർഷങ്ങൾ നീണ്ടു നിൽക്കുന്ന സിവിൽക്കേസിന് തുനിയൂ.

ഇത്രയും പറഞ്ഞ് സിംഹം സടകുടഞ്ഞ് എഴുന്നേറ്റ് അലറി. ഇടർച്ചയോടെ അലറി. മുന്നോട്ട് കുതിച്ചു. സിംഹത്തിന്റെ നഖങ്ങൾ ബ്രാഹ്മണന്റെ തലച്ചോറ് വരെ ആണ്ടു. കടിച്ചുകൊണ്ട് വലിച്ചിഴച്ചുപോയി. സർക്കാരും സർക്കാരിന്റെ കോടതിയും, ഫോറൻസിക്ക് വിഭാഗവും വഴിയരികിലെ പന്തം കണ്ട പെരുച്ചാഴികളായി. ബ്രാഹ്മണന്റെ ഒരു നഖം പോലും അവശേഷിച്ചില്ല.



സിംഹം അലറി ഓടിക്കൊണ്ട് കോടതി വരാന്തയിൽ കയറി ഇരിപ്പായി.

കോടതി സിംഹത്തിനെ ഗൗനിച്ചില്ല.

ഇരുപത് വർഷം പഴക്കമുള്ള കേസിന് വിധി പറയാൻ ജഡ്ജി തയാറെടുക്കുകയായിരുന്നു അന്നേരം.